ഉത്തരം

(എ) അത്യാവശ്യം വേണ്ടി വന്ന ഫർണിച്ചർ, വീട്ടുപകരണങ്ങൾ, കർട്ടൻ, കട്ട്ലറി, ക്രോക്കറി, വൈദ്യുതോപകരണങ്ങൾ, കയറുല്പന്നങ്ങൾ മുതലായവ വാങ്ങി നൽകിയ ഇനത്തിലും, വിവിധ ഉപകരണങ്ങൾ അറ്റകുറ്റപ്പണി നടത്തിയ ഇനത്തിലും ചെലവായ തുകയുടെ വിവരം അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്†.

(ബി) തോട്ടക്കാരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ ഒഴികെ പൂന്തോട്ട സംരക്ഷണത്തിന് ചെലവായിട്ടുള്ള തുകയുടെ വിവരം അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്†.

(സി) വിവരം ശേഖരിച്ച് വരുന്നു.

മന്ത്രിമാരും ചീഫ് വിപ്പും വാങ്ങിയ ടി.എ., ഡി.എ.

25(25) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1999 ഡിസംബർ 31 വരെ ഓരോ മന്ത്രിമാരും ചീഫ് വിപ്പും വാങ്ങിയ ടി.എ., ഡി.എ. എത്ര ;

(ബി) 1999 ഡിസംബർ 31 വരെ ടെലഫോൺ ചാർജ്ജ് ഇനത്തിൽ എന്തുതുക ചെലവഴിച്ചു ;

(സി) എത്ര മന്ത്രിമാർ വിദേശയാത്ര ചെയ്തു ;

(ഡി) ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചു ;

(ഇ) വിരുന്നുസൽക്കാരത്തിന് എന്തു തുക ഉപയോഗിച്ചു എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അനുബന്ധം-1-ൽ ചേർത്തിരിക്കുന്നു†.

(ബി) 1999 ഡിസംബർ 31 വരെ മന്ത്രിമാർക്ക് ടെലഫോൺ ചാർജ്ജ് ഇനത്തിൽ 3,40,80,602 രൂപ (മൂന്നു കോടി നാല്പതുലക്ഷത്തി എൺപതിനായിരത്തി അറുനൂറ്റിരണ്ടു രൂപ മാത്രം) ചെലവായിട്ടുണ്ട്.

(സി) ആകെ 11 മന്ത്രിമാർ വിദേശയാത്ര ചെയ്തിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വിരുന്നുസൽക്കാരത്തിനായി മന്ത്രിമാർ 1999 ഡിസംബർ 31 വരെ താൽക്കാലിക കണക്കുപ്രകാരം 40,39,870 രൂപ (നാല്പതു ലക്ഷത്തി മുപ്പത്തിയൊൺപതിനായിരത്തിഎണ്ണൂറ്റി എഴുപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

---

† അനുബന്ധം IX
† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 25(25) ദയവായി കാണുക]

1999 ഡിസംബർ 31 വരെ ഓരോ മന്ത്രിമാരും ചീഫ് വിപ്പും വാങ്ങിയ ടി.എ.,ഡി.എ. സംബന്ധിച്ച താല്ക്കാലിക കണക്ക്

		ടി.എ.,ഡി.എ. (വിമാനയാത്രക്കൂലി ഉൾപ്പെടെ) രൂപ
1.	ശ്രീ. ഇ.കെ. നായനാർ (മുഖ്യമന്ത്രി)	15,16,917
2.	ശ്രീ. വി.പി. രാമകൃഷ്ണപിള്ള (ജലസേചന-തൊഴിൽ വകുപ്പുമന്ത്രി)	3,92,432
3.	ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ (ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി)	7,45,572
4.	ശ്രീ. കെ.ഇ. ഇസ്മയിൽ (റവന്യൂ വകുപ്പുമന്ത്രി)	10,81,545
5.	ശ്രീ. പി.ജെ. ജോസഫ് (വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി)	10,27,034
6.	ശ്രീ. എ. നീലലോഹിതദാസൻ നാടാർ (മുൻ വനവും ഗതാഗതവും വകുപ്പുമന്ത്രി)	4,04,428
7.	ശ്രീ. പാലൊളി മുഹമ്മദുകുട്ടി (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)	10,11,441
8.	ശ്രീ. എസ്. ശർമ്മ (വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി)	3,00,750
9.	ശ്രീ. കെ. രാധാകൃഷ്ണൻ (പിന്നോക്ക പട്ടികവിഭാഗക്ഷേമ വകുപ്പുമന്ത്രി)	8,37,118
10.	ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ (കൃഷി വകുപ്പുമന്ത്രി)	6,93,748
11.	ശ്രീ. ടി.കെ. രാമകൃഷ്ണൻ (ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി)	9,65,854
12.	ശ്രീ. എ.സി. ഷൺമുഖദാസ് (മുൻ ആരോഗ്യ വകുപ്പുമന്ത്രി)	14,59,822
13.	ശ്രീ. ടി. ശിവദാസ മേനോൻ (ധനകാര്യ വകുപ്പുമന്ത്രി)	8,50,275
14.	ശ്രീമതി സുശീലാ ഗോപാലൻ (വ്യവസായ വകുപ്പുമന്ത്രി)	9,34,771
15.	ശ്രീ. ബേബി ജോൺ (മുൻ ജലസേചന വകുപ്പുമന്ത്രി)	3,63,489
16.	ശ്രീ. വി.കെ. രാജൻ (മുൻ കൃഷി വകുപ്പുമന്ത്രി)	2,52,553
17.	ശ്രീ. പിണറായി വിജയൻ (മുൻ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി)	6,86,888
18.	ശ്രീ. പി. ആർ. കുറുപ്പ് (മുൻ വനവും ഗതാഗതവും വകുപ്പുമന്ത്രി)	6,93,902
19.	ശ്രീ. ടി. കെ. ഹംസ (ഗവ. ചീഫ് വിപ്പ്)	6,42,382

LIBRARY ARCHIVES Kerala Legislative Assembly